


മുജീബ റഹ്മാൻ കരുളായി

ആതിചിലങ്ക

ലോക്

ജൂലൈ 2026

സരിത പെരുമ്പള

ബിനോയ് ജേക്കബ്

വി കെ സി കൂടലിൽ

ഉണ്ണി ആവട്ടി

സന്തോഷ്കുമാരി എം ആർ

2026 ജൂലൈ
E-വാക്ക്
വായനശാല സാംസ്കാരികവേദി പ്രസിദ്ധീകരണം

ടീം ഇ-വാക്ക്

പ്രദീപ് കെ (എഡിറ്റർ)
ഫോൺ : 9446088378
ജീജ അനിരുദ്ധൻ
പി വി രതീശൻ
കെ എം രാജേഷ്
സുധീർ വെള്ളാഞ്ചേരി
ഷാജി അരിക്കാട്

മുഖചിത്രം : ജർമ്മൻ എക്സ്പ്രഷണിസ്റ്റ് ചിത്രകാരനായ ഓഗസ്റ്റ് മാക്കെയുടെ ഒരു പെയ്ന്റിങ്.

പിൻകവർ : ബുദ്ധശാക്യമുനി. നളന്ദയിൽ നിന്നും കണ്ടെടുത്ത ബുദ്ധശില്പം.

എഡിറ്റോറിയൽ


പുസ്തകക്കൂടുകൾ, - നാടാകെ തെളിയേണ്ടുന്ന വിജ്ഞാന ചെരാതുകൾ

മനുഷ്യൻ തിരക്കിലാണ്. സദാ എൻഗേജ്ഡ് ആയിരിക്കുക എന്നത് ശീലമാക്കി മാറ്റിയവർ, യാത്രാ സാമഗ്രികൾ പൊതിഞ്ഞെടുക്കുമ്പോൾ തോൾസഞ്ചിക്കു കനം കുറയ്ക്കുവാൻ പുസ്തക കൂട്ടങ്ങളെ ഒഴിവാക്കിയവർ, വായനയുടെ വിശാല ലോകങ്ങളെ കയ്യിലെ ഇത്തിരി കുഞ്ഞൻ സ്‌ക്രീനിലേക്ക് ചുരുട്ടി കൂട്ടിയവർ. പ്രിന്റഡ്പുസ്തകങ്ങളുടെ താങ്ങാനാകാത്ത വില കൊണ്ട് പുസ്തകശാലകളിലെ സന്ദർശനം ഒഴിവാക്കിയവർ. വായിക്കാതിരിക്കുന്നവർ പറയുന്ന കാരണങ്ങൾ പലതാണ്. വായനശാല പറയുന്നു അതെല്ലാം മറന്നേക്കൂ . യാത്രയുടെ ഇടവേളകളിൽ നിങ്ങളുടെ കയ്യെത്തും ദൂരത്ത് ഒരു പുസ്തക സഞ്ചയം ഞങ്ങൾ ഒരുക്കി വച്ചിരിക്കുന്നു. നിങ്ങളുടെ തോൾസഞ്ചിയിൽ നിന്നും എടുത്തു വായിക്കുന്ന സ്വാതന്ത്ര്യത്തോടെ എടുക്കാം, വായിക്കാം, ആനന്ദിക്കാം.

2026 ഫെബ്രുവരി 9 ന് കണ്ണൂര് KSRTC. ഡിപ്പോയിൽ ആരംഭിച്ച പുസ്തകക്കൂട് കേരളമാകെ വ്യാപിപ്പിക്കുവാനാണ് തീരുമാനം. രണ്ടാമത്തെ പുസ്തകക്കൂട് കാസറഗോഡ് സജ്ജമായി കഴിഞ്ഞു. 2026 ആഗസ്റ്റ് 5ന് കാസർഗോഡ് ജില്ലാ കളക്ടർ ശ്രീ അർജ്ജുൻ പാണ്ഡ്യൻ അവർകൾ ഈ പുസ്തകക്കൂടിന്റെ ഉദ്ഘാടനം നിർവഹിക്കും വായനശാലയുടെയും മലയാളത്തിന്റെ ആകെയും അഭിമാനമായ ശ്രീ അംബികാസുതൻ മാങ്ങാട് മാഷ് ഈ ചടങ്ങിൽ മുഖ്യാതിഥിയായി

പങ്കെടുക്കും.വായനശാലയുടെ പുസ്തക കൂടുകളിലേക്ക് കഴിയും വിധം പുസ്തകങ്ങൾ എത്തിക്കേണ്ടതും തുടർന്ന് പരിപാലിക്കേണ്ടതും വായനശാലാ അംഗങ്ങുടെ കടമയാകുന്നു. പൂട്ടും താക്കോലുമില്ലാതെ തുറന്ന് വച്ചിരിക്കുന്ന ഒരു പുസ്തക നിധിക്ക് സമൂഹത്തിനോട് പറയാൻ എന്തെല്ലാം സന്ദേശങ്ങളുണ്ടാകാം. പ്രതിബദ്ധത, വിശ്വാസം, കടമ, സത്യസന്ധത, പ്രചോദനം, പങ്കിടൽ, കരുതൽ...........

എല്ലാമെല്ലാം ചേരുന്നതാണീ പുസ്തകക്കൂടുകൾ
ബന്ധനങ്ങൾക്കല്ല ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനുമാകട്ടെ
ഈ വിജ്ഞാനപ്പെട്ടികൾ,
സ്വാഗതം കാസറഗോഡിലേക്ക്, തുളുനാടൻ മണ്ണിലേക്ക്.....
ആശംസകളും സ്നേഹവുമായി



എഡിറ്റർ

ബ്ലോഗ്

പോഡ്കാസ്റ്റ്

നാവിഗേഷൻ : ഉള്ളടക്കം എന്ന പേജിലെ രചനയുടെ പേരിൽ ക്ലിക് ചെയ്താൽ ആ രചന തുടങ്ങുന്ന പേജിലേക്ക് എത്താം. അതുപോലെ ഏതു പേജിലേയും പേജ് നമ്പറിൽ ക്ലിക് ചെയ്താൽ ഉള്ളടക്കം എന്ന പേജിലേക്കും എത്താനാവും. ഫോണുകളിൽ അഡോബി, ലിബെറ തുടങ്ങിയ നല്ല റീഡറുകളിൽ ഇത് ശരിയായി പ്രവർത്തിക്കും. നീല നിറത്തിലുള്ള വാക്കുകളിൽ ക്ലിക് ചെയ്താൽ ആ വാക്കിന്റെ വിശദാംശങ്ങളുള്ള വെബ് പേജിലേക്ക് പോകും.

രചനയോടൊപ്പം ചേർത്തിട്ടുള്ള മൊബൈൽ ഫോണിന്റെ ചിത്രത്തിൽ ക്ലിക് ചെയ്താൽ ഫോൺ റീഡിങിനനുയോജ്യമായ html ഫോർമാറ്റിലേക്കു പോകാം. ഇനി ഇയർ ഫോണുപയോഗിച്ച് കേൾക്കാനാണ് ആഗ്രഹമെങ്കിൽ ഹെഡ്സെറ്റിന്റെ ചിത്രത്തിൽ ക്ലിക് ചെയ്താൽ മതി.

ഉള്ളടക്കം

കഥ

കവിത

ഓർമ്മകളുടെ മഴവില്ല്

കഥ

ഒഴുകാത്ത നദികൾ

സരിത പെരുമ്പള



ഓടിക്കൊണ്ടിരിക്കുന്ന ബസ്സിന്റെ മുൻസീറ്റിലിരുന്ന് യാത്രക്കാരൻ ഉറങ്ങുകയായിരുന്നു. അല്ല, സുഖപ്രയാണങ്ങളുടെ ആലസ്യങ്ങളെ ഓർത്ത് മയങ്ങുകയായിരുന്നു. കണ്ടക്ടർ തൊട്ടുവിളിച്ചപ്പോഴാണ്, പരിസരത്തിന്റെ ചലനത്തിലേക്ക് അയാൾ ഉണർന്നത്. ഇറങ്ങേണ്ട സ്ഥലം എത്തിയിരുന്നു. ബസ്സിന്റെ ചില്ലുജാലകത്തിനു വെളിയിൽ, ഏതൊക്കെയോ നിയോഗങ്ങളും പേറി എന്തിനെയൊക്കെയോ കാത്തിരിക്കുന്നപോലെ തെളിഞ്ഞു കിടക്കുന്ന കവല. അന്യോന്യം ധൈര്യപ്പെടുന്ന, എന്നാൽ അന്യോന്യം കലരാത്ത മനുഷ്യരുടെ ദിനാവർത്തനങ്ങളുടെ നൽക്കവല! അവിടെ, അതേ കടവരാന്തയിൽ പതിവ് പോലെ ആ മനുഷ്യൻ ഇന്നും കാത്തിരിപ്പുണ്ട്. കണ്ണുകളിൽ തിരച്ചിലിന്റെ അതേ ആസക്തിയും ദൈന്യതയും തുവാതെ നിറച്ചുകൊണ്ട്. വാർദ്ധക്യത്തിന്റെ വെളുത്ത നിഴലുകൾ പടർന്നു കയറിയ ശരീരത്തിന്റെ കാഴ്ച്ചയിൽ, അയാളെ സ്വയം തണലു കൊള്ളുന്ന ഒരു മരം പോലെ തോന്നിച്ചു.

ആരോടെന്നില്ലാതെ അയാൾ ഇന്നും ചോദിക്കുകയുണ്ടായി, അവളെ കണ്ടോ? അത് തന്നോടല്ലെങ്കിലും, എന്നത്തേയും പോലെ ഇന്നും അതിന് എന്തെങ്കിലും മറുപടി പറയണമെന്ന് യാത്രക്കാരന് തോന്നി. എല്ലാവരെയും പോലെ തനിക്കാ ചോദ്യം തള്ളിക്കളയാൻ ആവില്ലല്ലോ. വേർപെടലിന്റെ നീറ്റൽ ചുഴിപോലെ തിരിയുന്ന അയാളുടെ മനസ്സും തന്റേതും തമ്മിൽ സാമ്യപ്പെടുത്താൻ എളുപ്പമായിരുന്നല്ലോ!

ഏതവൾ? മകളോ, ഭാര്യയോ, കാമുകിയോ, അമ്മയോ.... ആര്?ചിലപ്പോൾ അത് വെവ്വേറെ ആയിരിക്കില്ല, എല്ലാം ചേർന്നതുമായിരിക്കാം! പലപ്പോഴും അവനവന്റേതല്ലാതായി മാറുന്ന ജീവിതയാത്രയിൽ നഷ്ടം പറ്റിയ ഏതോ ഓർമയെ ആയിരിക്കാം താളം പോയ ചിന്തകളിൽ അയാൾ തിരയുന്നുണ്ടാവുക. അതിന്റെ പേരായിരിക്കാം "അവൾ". സീറ്റിൽ നിന്നെഴുന്നേറ്റെങ്കിലും പെട്ടെന്ന് തന്നെ അറിയാതെ ഉള്ളിൽ എന്തിനോ പകപ്പ് തോന്നിയ യാത്രക്കാരൻ അവിടെ ഇറങ്ങിയില്ല. അതെന്തിനെന്ന് അയാൾക്ക് തിരിച്ചറിയാൻ കഴിഞ്ഞതുമില്ല. ബസ്സ് നീങ്ങി. പിന്നിലേക്ക് മറയുന്ന കാഴ്ചകളിൽ യാത്രയുടെ നിരർത്ഥകതകൾ തന്നെ നോക്കി കൗതുകം കൊള്ളുന്നതായി യാത്രക്കാരന് തോന്നി.

വൈകിട്ട് ചക്രവാളം നോക്കി കടൽക്കരയിൽ ഇരിക്കുമ്പോൾ, "യൂ ആർ ആൻ ഇംപൊട്ടന്റ്..." എന്ന അലർച്ച അയാളുടെ തലയ്ക്കുള്ളിൽ മുഴങ്ങിക്കൊണ്ടേയിരുന്നു. വർഷങ്ങളായി തന്നെ പിന്തുടരുന്ന ഏറ്റവും ഭീഷണമായ അവളുടെ, മേഘനാദം പോലെ പ്രതിധ്വനിക്കുന്ന ശബ്ദം. ആയുസ്സിന്റെ കാമനകളെ തല്ലിക്കെടുത്തിയ, സ്വപ്നഭംഗങ്ങളുടെ ചെറിയൊരു ജീവിതനേരത്തിന്റെ ബാക്കിപത്രം. കഴിവുകെട്ടവൻ..... ആത്മാവിലോളം എടുത്തുവെച്ച സ്നേഹത്തിന്റെ, പ്രണയത്തിന്റെ, ചേർന്നുനിൽക്കലിന്റെ അവസാനം ശരീരത്തിന്റെ സൗഖ്യങ്ങളിൽ അളന്നു തിട്ടപ്പെടുത്തി വെളിയിലേക്ക് തള്ളിയ ദാമ്പത്യകാലത്തിന്റെ ഓർമയ്ക്കായി അവൾ നൽകിയ പേര്, കഴിവുകെട്ടവൻ.... പിന്നീട് അലച്ചിലിന്റെ വഴി വർഷങ്ങൾ

എത്ര കടന്നു പോയി! ജീവിതത്തിൽ നിന്നിറങ്ങിപ്പോയ അവൾ ഇന്നെവിടെയായിരിക്കും? ശരീരത്തിന്റെ ഉന്മാദങ്ങളിൽ, മറ്റൊരിണയുടെ കൂട്ടിൽ ജീവിതം ആസ്വദിക്കുകയായിരിക്കാം... തന്റെ തേടുന്ന മനസിന്റെ നിരാശകളെ അവൾ ഒരിക്കൽ പോലും ഓർക്കുന്നുണ്ടാവില്ല. എത്ര വ്യർഥമായ ജീവിതം!! കടലിൽ ഇപ്പോൾ ചോര പടർന്നതു പോലെ ശോണിമ നിറഞ്ഞു. കാണെക്കാണെ അത് ഇരുണ്ട് കറുപ്പിലേക്ക് ലയിച്ചു. രാത്രി, ആലംബം നഷ്ടപ്പെട്ടവന്റെ മനസ് പോലെ ഇരമ്പിക്കൊണ്ടിരുന്നു. മറ്റേതോ ധ്രുവത്തിൽ പെട്ടത് പോലെ തോന്നി യാത്രക്കാരന്. തന്റെ ഒറ്റമുറി വീട് വേറെയെതോ ലോകപാളിയിലാണെന്നും, അത് തന്നെ സ്മരിക്കുന്നതായും തോന്നിയപ്പോൾ അയാൾ ഇരുട്ടിലൂടെ, ഏതോ വഴിയുടെ പരിചയം തേടി നടന്നു തുടങ്ങി.

പിറ്റേന്ന്, തൊഴിലിന്റെ ശീലത്തിലേക്ക് പതിവുപോലെ തന്നെ യാത്രക്കാരൻ യാത്ര തുടങ്ങി. സ്റ്റോപ്പിൽ ബസ്സെത്തി നിന്നപ്പോൾ അവിടെ പതിവില്ലാതെ ഒരാൾക്കൂട്ടം കണ്ടു. അവരെ വകഞ്ഞ് അതിനുള്ളിലേക്ക് ചെന്നപ്പോൾ, അവിടെ ആ പതിവുകാരൻ മലർന്നടിച്ചു കിടക്കുകയായിരുന്നു. വായിലൂടെ മരണത്തിന്റെ



ദുർഗന്ധം പുറത്തേക്ക് പട രുന്നുണ്ടായിരുന്നു. കണ്ണുക ൾ തുറിച്ച നിശ്ചലമായിരു ന്നു. ആരോ അയാളുടെ നാഡിമിടിപ്പ് നോക്കി മര ണം ഉറപ്പിച്ചു. ശവത്തിനോ ട് മാത്രം മാനവികതയും, ക രുണയും, സന്നദ്ധതയും



കാണിക്കുന്ന ജ നം അവരുടെ മ നുഷ്യത്വം പ്രകടി പ്പിച്ചു തുടങ്ങി. ശ വം പൊതിഞ്ഞു വണ്ടിയിൽ കയ റ്റി അവർ ആശു പത്രിയിലേക്ക് പോയി. ഇനി അ നുശോചനം ഉ ണ്ടാവും. ആദരാ ഞ്ജലികൾ ഉണ്ടാ വും. അന്തസ്സോ ടെ അടക്കവും ഉ ണ്ടാവും. ഈ കാ ണിച്ചുകൂട്ടലുകളു ടെ ഒരംശം അ യാൾ ജീവിച്ചിരി ക്കുമ്പോൾ ആ രെങ്കിലും ചെയ്തി രുന്നെങ്കിൽ...! ചിലർ മാറിനിന്ന് അവരവരുടെ ഭാ വനയെ തിടം വെപ്പിച്ചുകൊണ്ടി രുന്നു. തങ്ങൾക്ക് ഒരു മുൻപരിചയ വും ഇല്ലാത്ത അ യാളെക്കുറിച്ച് പ ലപല കഥകൾ അവർ വിരിയിച്ചു കൊണ്ടിരുന്നു. ആ കഥകളിൽ അയാൾ അയാളല്ലാത്ത ആരൊക്കെയോ ആയി വേഷം മാറിക്കൊണ്ടിരുന്നു. യാത്രക്കാരൻ മാത്രം മൗ നമായി ആ മരണത്തിൽ എന്തിനോ വേദനിച്ചു. സ്വ യം വേദനിക്കും തോറും, പ രേതന് ശാന്തി ലഭിക്കും പോലെ തോന്നി അയാൾ ക്ക്. അയാളുടെ തിരച്ചിൽ അവസാനിച്ചിരിക്കുന്നു. ചി ലപ്പോൾ, അയാൾ തേടുന്ന അവൾ ഇനിയും ഒരുപാട് കാലം ഈ മരണത്തെക്കു റിച്ചറിയാതെ അവളുടെ ജീ വിതസൗഖ്യങ്ങളിൽ അഭിര മിക്കുമായിരിക്കാം!! ചില മ രണങ്ങളും, ജീവിക്കൽ പോ ലും എത്ര വ്യർഥങ്ങളാണ്!! തൊഴിൽ ശാലയിലെ സൈറൺ മുഴങ്ങി. യാത്ര ക്കാരൻ അതിന്റെ അഴി ഞ്ഞു വീഴുന്ന മുഴക്കങ്ങളിൽ നിരാസത്തിന്റെ അടരുക ൾ അറിഞ്ഞു. അതിജീവിക്ക ലിന്റെ ആവർത്തനങ്ങളി ലേക്ക് എന്ന പോലെ, പിറ കിലെ ജീവിത ചലനങ്ങളെ മറന്ന്അയാൾ തൊഴിൽ ശാലയിലേക്ക് നടന്നു. മ രിക്കുന്നതും, പിറക്കുന്നതും മാറ്റാരൊക്കെയോ ആണ്. നമ്മൾ, ആവർത്തിക്കുന്ന വർ മാത്രം!!.

കഥ

രാമന്റെ കണ്ണീർ

മുജീബ് റഹ്മാൻ കരുളായി



"**ബോ**ൽ, ജെയ് ശ്രീ റാം... സാലേ

ഛൂത്ത്, ബോലോ ജെയ് ശ്രീറാം"

ചെന്നായ്ക്കൂട്ടത്തിന് നടുവിലകപ്പെട്ട പേടമാനിനെപ്പോലെ അയാൾ നിന്നുവിറച്ചു. നെറ്റിയിൽ ചുവന്ന വരക്കുറിയും, കൈയ്യിൽ വർണ്ണച്ചരടുകളും കെട്ടിയ സംഘത്തലവൻ ഒരു പിശാചിനെപ്പോലെ ആക്രോശിച്ചു. "സാലേ കത്തേകാ ബച്ചാ, ബോൽ ജെയ് ശ്രീറാം"

അവരയാളെ ഒരു ഇലക്ട്രിക് പോസ്റ്റിൽ ചേർത്തുകെട്ടി. അയാളുടെ നരച്ച കണ്ണുകളിൽ മരണഭയം നിഴലിച്ചിരുന്നു.

"അള്ളാ കി കസം, ഗോ മാംസ് നെഹി, ബകരി കാ മാംസ്...." അയാൾ നെഞ്ചു തകർന്ന് പറഞ്ഞു കൊണ്ടിരുന്നെങ്കിലും ആരും അത് ചെവിക്കൊണ്ടില്ല.

തുകൽ ഫാക്ടറിയിൽ തന്റെ കൂടെ ജോലിചെയ്തിരുന്ന ഉറ്റ സുഹൃത്തായ മുഹമ്മദ് യാസീനെ പേപ്പട്ടിയെപ്പോലെ ആൾക്കൂട്ടം വളഞ്ഞിട്ട് തല്ലിക്കൊന്നിട്ട് ഏതാനും മാസങ്ങളേ ആയിട്ടുള്ളു. ഇഞ്ചിഞ്ചായി കൊന്നു കൊണ്ടിരുന്നപ്പോഴും അവർ കൂട്ടത്തോടെ ആർത്തു വിളിച്ചത് 'ജെയ് ശ്രീറാം, ജെയ് ജെയ് ശ്രീറാം' എന്ന രാമമന്ത്രമായിരുന്നു.

"ദിവസങ്ങളോളം തൊഴിലൊന്നും കിട്ടാതെ ഒഴിഞ്ഞ കൈകളുമായി നിരാശയോടെ കയറിച്ചെല്ലുമ്പോൾ വീട് നിറയെ വിശപ്പായിരുന്നു ചിമ്മാ... വിശക്കുന്നു എന്ന



ല്ലാതെ മക്കൾക്ക് മറ്റൊന്നും പറയാനറിയില്ലെന്ന് തോന്നുന്നു. വിശന്നു വലഞ്ഞ കണ്ണുകൾ, വിശന്ന നിലവിളികൾ, എങ്ങും വിശപ്പിന്റെ മടുപ്പൻ ഗന്ധം. ജീവിതം തന്നെ മടുത്തു..." വിശപ്പിനെക്കുറിച്ചല്ലാതെ മുഹമ്മദ് യാസിൻ മറ്റൊന്നും സംസാരിക്കുന്നത് കേട്ടിട്ടില്ല.

കൊല്ലുംമുമ്പ് അവർ അവനെക്കൊണ്ട് ജെയ് ശ്രീറാം വിളിപ്പിക്കുകയും ചാണകം തീറ്റിക്കുകയും ചെയ്തു. വിറങ്ങലിച്ചുകിടന്ന അവന്റെ വായും മൂക്കും മുഖവുമെല്ലാം ചാണകം കട്ടപിടിച്ച് വികൃതമായിരുന്നു. ആ സംഭവം കഴിഞ്ഞ് ഏതാനും മാസം കഴിഞ്ഞപ്പോഴേക്കും അവന്റെ മൂത്തമകൾ മുംതാസ് ബീഗം പട്ടിണികിടന്ന് മരിച്ചു. പതിനൊന്നുവയസ്സുള്ള ബേനസീറ ഇന്ന് തെരുവുവേശ്യയാണ്.

"വിശപ്പാണ് ചീമ്മാ ഏറ്റവും വലുത്. വിശന്നു വലഞ്ഞവർ ഭക്ഷണത്തിനു വേണ്ടി എന്ത് വൃത്തികേടും ചെയ്യും. സദാചാര ബോധവും ദുരഭിമാന ചിന്തയുമെല്ലാം മനുഷ്യനുണ്ടാകുന്നത് വിശപ്പില്ലായ്മയിൽ നിന്നാണ്. ആ കുട്ടികൾക്ക് അത്രമാത്രം വിശപ്പുണ്ടായിരിക്കും." അഞ്ചോ പത്തോ രൂപ പ്രതിഫലത്തിനു വേണ്ടി കരിമ്പു പാടങ്ങൾക്കും ഓവു പാലങ്ങൾക്കും സമീപം ഒഴിഞ്ഞ വയറും കുഴിഞ്ഞ മിഴികളുമായി ലോറി ഡ്രൈവർമാരെ സമീപിക്കുന്ന എട്ടോ പത്തോ വയസ്സ് മാത്രം പ്രായമുള്ള വിശപ്പുഗോപുരങ്ങളെ കാണുമ്പോഴെല്ലാം യാസീൻ ദുഃഖത്തോടെ പറയുമായിരുന്നു. പ്രതീക്ഷയറ്റ അവരുടെ വിഷാദം നിറ

ഞ്ഞ മിഴികളും ദൈന്യത നിറഞ്ഞ വാടിയ മുഖവും കാണുമ്പോഴെല്ലാം എന്തുകൊണ്ടോ ചിമ്മക്ക് സ്വന്തം മക്കളായ രാഖിയുടേയും ശിവാമിയുടേയും മുഖം അറിയാതെ മനസ്സിലേക്കോടിയെത്തും.

ഗുജറാത്തിലെ പാലവ് ഗ്രാമത്തിലുള്ള ചാമർ സമുദായാംഗമാണ് ചീമ്മ. ഏതാനും വർഷങ്ങൾക്ക് മുമ്പ് വരെ അയാളും കൂട്ടുകാരനായ മുഹമ്മദ് യാസിനും സൂററ്റിലുള്ള ഒരു വലിയ തുകൽ ഫാക്ടറിയിലാണ്ജോലി ചെയ്തിരുന്നത്. അറവുമാടുകളുടെ തോൽ സംസ്കരിച്ച് ബാഗ്, ചെരുപ്പ് മുതലായവ നിർമ്മിക്കുന്ന ഒരു വലിയ സ്ഥാപനമായിരുന്നു അത്. പക്ഷെ, പെട്ടന്നൊരുനാൾ പശു ഒരു വിശുദ്ധ ജീവിയായിത്തീരുകയും, പിന്നീട് ഗോമാതാവും ദൈവവുമായി പരിണമിക്കുകയും ചെയ്തപ്പോൾ തുകൽ ഫാക്ടറികളെല്ലാം പ്രതിസന്ധിയിലാവുകയും, വൈകാതെ പലതും അടച്ചുപൂട്ടുകയും ചെയ്തു. തത്ഫലമായി ആയിരക്കണക്കിന് തൊഴിലാളികൾ നിരാലംബരായി. പലരും ഭൂമി പാട്ടത്തിനും പണം പലിശയ്ക്കും വാങ്ങി കൃഷിയിലേക്കും കാലി വളർത്തലിലേക്കും തിരിഞ്ഞു. കാർഷികവിളകൾക്ക് കാൽകാശു പോലും വില കിട്ടാതായപ്പോൾ കർഷകരുടെ നെഞ്ചകം പോലെ തകർന്ന് വിണ്ടുകീറിയ വയലേലകളിൽ കൂട്ടിയിട്ട സവാളകൾക്കും ഉരുളക്കിഴങ്ങ് കൂമ്പാരങ്ങൾക്കുമൊപ്പം ആത്മഹത്യ ചെയ്ത കർഷകരുടെ മൃതദേഹങ്ങളും ചിഞ്ഞുനാറി. മാടുകളെ വിൽപ്പന നടത്താനോ കൈമാറ്റം ചെയ്യാനോ പാടില്ലെന്നായതോടെ കാലിവളർത്തലും പാഴ്‌വേലയായി. പലരും കാലികളെ കൂട്ടത്തോടെ സ്വതന്ത്രരാക്കി. ചിലർ തങ്ങളുടെ കാലികളോടൊപ്പം തെരുവിലലഞ്ഞ് ഉന്മാദികളായി.

തുകൽ ഫാക്ടറിയിലെ തൊഴിൽ നഷ്ടമായതോടെ അവരുടെ കുടുംബവും അരപ്പട്ടിണിയിൽനിന്നും മുഴുപ്പട്ടിണിയിലേക്ക് കൂപ്പുകുത്തിയിരുന്നു.

'അടങ്ങാത്തവിശപ്പും പട്ടിണിയുമായി നമ്മുടെയൊക്കെ കാലമിങ്ങനെ നരകിച്ചു കഴിഞ്ഞുപോയി. നമ്മുടെ മക്കൾക്കെങ്കിലും വേദനയും ദാരിദ്ര്യവുമില്ലാത്ത ഒരു കാലം സാധ്യമായെങ്കിൽ..! അള്ളാഹു എല്ലാം കാണുന്നുണ്ട്. അവനൊരു വഴി കാണിച്ചു തരാതിരിക്കില്ല." കഴിഞ്ഞ നവരാത്രി മഹോത്സവത്തിന് ചീമ്മയുടെ വീട്ടിൽ വിരുന്നിനു ചെന്ന മുഹമ്മദ് യാസിൻ വിഷാദത്തോടെ പറഞ്ഞ് കണ്ണുകൾ നിറച്ചത് അയാളോർത്തു.

ചീമ്മ തന്റെ ഒറ്റമുറി വീടിന്റെ പഴകിദ്രവിച്ച് പൊളിഞ്ഞുവീഴാറായ മൺചുവരിൽ നിരനിരയായി പതിച്ചുവെച്ച നരച്ച് നിറം മങ്ങിത്തുടങ്ങിയ ദൈവങ്ങളുടെ മുഖത്തേക്ക് പ്രാർത്ഥനാപൂർവം നോക്കി. പിന്നെ കണ്ണുകളടച്ച് ഒരു ദീർഘനിശ്വാസത്തോടെ ഇഷ്ടമൂർത്തിയായ ശ്രീരാമചിത്രത്തിനു മുന്നിൽ കൈകൾ കൂപ്പി എന്തൊക്കെയോ മന്ത്രിച്ചു.

അയാൾ വെറുംനിലത്ത് ഉടുപ്പുകൾപോലുമില്ലാതെ കിടന്നുറങ്ങുന്ന തന്റെ മക്കളെ ദുഃഖത്തോടെ നോക്കി. പിഞ്ഞിക്കീറിയ വസ്ത്രമണിഞ്ഞ് ഭാര്യ സീതയും അവരോടൊപ്പം കൂർക്കം വലിക്കുന്നുണ്ട്. രാഖിക്ക് ആറു വയസ്സായിക്കാണും. അവൾ



ജനിച്ച ദിവസം രണ്ട് കരിവ ളകളും കറുത്ത ചരടും ഒരു കുഞ്ഞുടുപ്പും വാങ്ങിയതാണ്. ആ ഉടുപ്പവൾ എത്ര വയസ്സുവരെ ഉപയോഗിച്ചുവെന്ന് നിശ്ചയമില്ല. അതിനു ശേഷം ഇന്നോളം അവൾ വസ്ത്രം ധരിച്ചിട്ടിയില്ല. ശിവാമിക്ക് നാലുവയസ്സായി. അരയിലൊരു ചരടല്ലാതെ ഒരു നിക്കറുപോലും ഇതുവരെ അവൾക്ക് വാങ്ങി ക്കൊടുക്കാനും അയാൾക്കായിട്ടില്ല. ഗ്രാമത്തിലെ മിക്ക കുടിലുകളിലെ കുട്ടികളും വസ്ത്രമില്ലാത്തവരാണ്.

അന്നൊരിക്കൽ മുഹമ്മദ് യാസീൻ പറഞ്ഞതോർത്ത് അയാൾ നെടുവീർപ്പിട്ടു. “അന്നമല്ലെ ചീമ്മാ ആദ്യം, പിന്നെയല്ലെ നഗ്നത." അവരെ സംബന്ധിച്ചിടത്തോളം അതായിരുന്നു ശരി.

ബക്രീദ് ആഘോഷിക്കാൻ വളരെ കഷ്ടപ്പെട്ടായിരുന്നു അന്നവൻ ആട്ടിറച്ചി വാങ്ങിയത്. പക്ഷെ, അവർ പറഞ്ഞത് അത് പശുവിറച്ചിയാണെന്നാണ്. അവരുടെ വാക്കുകൾക്ക് ആരും എതിര് പറഞ്ഞുകൂട. വിധിക്കുന്നതും ശിക്ഷ നടപ്പാക്കുന്നതുമെല്ലാം അവർ തന്നെയാണ്. ചോദ്യം ചെയ്തതിന് ഒരു ഗ്രാമം മുഴുവൻ തീവച്ചു നശിപ്പിച്ച നരാധമ



രാണവർ. കൊലയുടെ ഭീകര ദൃശ്യങ്ങൾ ഫോണിൽ പകർത്തി അത് ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചിരുന്നതും അവർ തന്നെയായിരുന്നു. മുസ്ലിംങ്ങളേയും താഴ്ന്ന ജാതിക്കാരായ ചീമ്മയെപ്പോലുള്ളവരേയും ഭയപ്പെടുത്തുന്നതിനും വരുതിയിലാക്കുന്നതിനും വേണ്ടിയുള്ള മേൽജാതിക്കാരുടെ കുതന്ത്രങ്ങളായിരുന്നു അതെല്ലാം.

"ജീവിതത്തിന്റെ നിറമെന്താണെന്നറിയുമോ ചീമ്മാ നിനക്ക്.?" അന്നൊരിക്കൽ വയൽവരമ്പിലൂടെ നടക്കുമ്പോൾ വളരെ നിർവികാരമായാണ് അവൻ മൌനം മുറിച്ചത്.

“ഇല്ല, ജീവിതത്തിനും ഒരു നിറമൊ...?"

“ഉണ്ട് ചീമ്മാ... ജീവിതത്തിനും മരണത്തിനുമെല്ലാം അതിന്റേതായ വർണ്ണങ്ങളുണ്ട്. നമ്മളെപ്പോലുള്ളവരുടെ ജീവിതത്തിന് എന്നും വിശപ്പിന്റെ അഴുക്ക് നിറഞ്ഞ ഇരുണ്ട നിറമാണ്.” ആരും ചിന്തിക്കാത്ത കാര്യങ്ങളെക്കുറിച്ചായിരുന്നു അവനെപ്പോഴും പറഞ്ഞു കൊണ്ടിരുന്നത്.

ആഴ്ചകളായിരുന്നു ചീമ്മയുടെ വീട്ടിൽ അടുപ്പ് പുകഞ്ഞിട്ട്. അയാളുടെ കുട്ടികൾ മണ്ണ് വാരിത്തിന്ന് തുടങ്ങിയിരുന്നു. ഇതേ പോക്കാണെങ്കിൽ ഗ്രാമത്തിലെ മറ്റു പലരേയും പോലെ വൈകാതെ തന്റെ കുടുംബവും പട്ടിണി കിടന്ന് ചത്തു പോകുമെന്നയാൾക്ക് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ടാണ് അയാൾ ഇടിമിന്നലേറ്റ് ചത്ത ആ വയസ്സൻ കാളയുടെ തോലുരിഞ്ഞപ്പോൾ അതിന്റെ വാരിയിൽ നിന്നും കുറേ മാംസവുമെടുത്തത്. ഉടുമുണ്ടിൽ പൊതിഞ്ഞ് വീട്ടിലെത്തിച്ച ഇറച്ചി, ഉപ്പും മഞ്ഞളും ചേർത്ത് തിളപ്പിച്ച് അവളും മക്കളും മതിവരുവോളം ഉണ്ടിരിക്കുന്നു. മാസങ്ങൾക്ക് ശേഷം അയാളും അന്ന് വയറുനിറച്ച് ഭക്ഷണം കഴിച്ചു. വിശക്കുന്നവന് അന്നത്തെക്കുറിച്ച് മാത്രമേ ഓർമ്മ കാണൂ. വയറ് നിറഞ്ഞപ്പോഴാണ് പശുരാക്ഷസരെക്കുറിച്ച് ഓർമ വന്നത്. മാംസവുമായി വീട്ടിലേക്ക് വരുന്നത് വഴിയിൽ വച്ച് പലരും കണ്ടിട്ടുണ്ടെന്ന കാര്യം നടുക്കത്തോടെ അയാളോർത്തു.

"ജെയ് ശ്രീറാം, ജെയ് ജെയ് ശ്രീറാം, ബോലോ ബോലോ ജെയ് ശ്രീറാം..." കട്ട പിടിച്ച ക്രൂരിതളിനെ കീറിമുറിച്ച് കുറേ പന്തങ്ങളും ചില ആക്രോശങ്ങളും തന്റെ ചാളയെ ലക്ഷ്യമാക്കി കുതിച്ചു വരുന്നത് ദൂരെനിന്നേ അയാൾ കണ്ടു. പരിഭ്രമം കൊണ്ട് പരവശനായ അയാൾ ആലിലപോലെ വിറച്ചു. മണ്ണെണ്ണയുടെ രൂക്ഷഗന്ധവും വടിവാളിന്റെ തിളക്കവും കുറുവടിച്ചുഴറ്റുന്ന സിൽക്കാരവും കൊണ്ട് അന്തരീക്ഷം മുഖരിതമായി. "ഹേറാം...." ഭയചകിതനായ അയാൾ നെഞ്ചുതകർന്ന് നിലവിളിച്ചു. വിശപ്പുരഹിതമായ ലോകത്തേക്ക് മുമ്പേ നടന്നു പോയ തന്റെ ആത്മസുഹൃത്തിനെ അന്നേരം അയാൾ മുഖാമുഖം കണ്ടു. പരിഭ്രമം കലർന്ന സ്വരത്തിൽ ഒരുതരം ഉൻമാദത്തോടെ അയാളെന്തൊക്കെയോ പിറുപിറുത്തു.

'എന്റെ കൂട്ടുകാരാ, പ്രിയപ്പെട്ട മുഹമ്മദ് യാസിൻ.... നീ പോയതോടെ നിന്റെ മകൾ... അല്ല, നമ്മുടെ മകൾ മുംതാസ് ബീഗം പട്ടിണി കിടന്ന് പല്ലുകളുന്തി, വിളർത്ത കണ്ണുകൾ പുറത്തേക്ക് തള്ളി, വിശപ്പ് സഹിക്കാനാവാതെ ചെളിവാരിവിഴുങ്ങി ചോര ഛർദിച്ച് നരകിച്ചാണ് മരിച്ചത്. അഞ്ചോ പത്തോരൂപ പ്രതിഫലത്തിനുവേണ്ടി കരിമ്പിൻ പാടങ്ങൾക്കരികെ ലോറി ഡ്രൈവർമാരെ സമീപിക്കുന്ന പതിനൊന്നുവയസ്സുകാരിയായ നമ്മുടെ ബേനസീറ ജീവിതത്തിന്റെ നിലയില്ലാത്ത അഴുക്കുചാലിൽ വീണ് മുങ്ങിത്താഴുന്നത് നിസഹായതയോടെ നോക്കി നിൽക്കാനേ ഇന്നോളം എനിക്കായുള്ളൂ. നമ്മുടെ രാഖിയേയും ശിവാമിയേയും കൂടി ആ ദുർവിധിയുടെ ക്രൂരതയ്ക്ക് വിട്ടുകൊടുക്കാൻ എനിക്കിനി മനസ്സില്ല. നിന്നോടൊപ്പം പോരാൻ ഞാനവരേയും കൂടെ കൂട്ടുകയാണ്. നീയെപ്പോഴും പറയാറുള്ളതുപോലെ മുച്ചൂടും കത്തിനശിക്കട്ടെ. കാലത്തിന്റെ ഗർഭപാത്രത്തിൽനിന്നും പുതിയത് പിറവികൊള്ളട്ടെ, ആമാശയത്തിൽ രാസാഗ്നി പുകയാത്ത പുതിയ മനുഷ്യർ.......... " അയാൾ ഭ്രാന്തമായി ഉച്ചത്തിൽ ചിരിച്ചുകൊണ്ട് പൊടുന്നനെ മണ്ണെണ്ണപ്പാത്രം കൈയ്യിലെടുത്തു. ഞൊടിയിടക്കുള്ളിൽ ഉറങ്ങിക്കിടന്ന മക്കളുടെ ദേഹത്തിലേക്ക് മണ്ണെണ്ണയൊഴിച്ചു. അമ്പരപ്പോടെ ചാടിയെണീറ്റ തന്റെ കുടുംബത്തെ ചേർത്തുപിടിച്ച് ഒരു വിഡ്ഢിച്ചിരിയോടെ അയാൾ പെട്ടന്ന് തീപ്പെട്ടിയുരച്ചു. പൊടുന്നനെ അവരുടെ പിറകിൽനിന്നും ഒരു തേങ്ങൽ കേട്ട് അയാൾ ഭയപ്പാടോടെ തിരിഞ്ഞു നോക്കി. പൊളിഞ്ഞടർന്ന് നിലം പൊത്താറായ തന്റെ മൺവീടിന്റെ ചുവരിൽ പതിച്ച നരച്ച വിവർണ്ണമായിത്തുടങ്ങിയ ഭഗവാൻ ശ്രീരാമചന്ദ്രന്റെ കരുണക്കടലിരമ്പുന്ന കണ്ണുകളിൽ നിന്നും കണ്ണീരു പൊടിയുന്ന തുകണ്ട് അത്ഭുതപരതന്ത്രനായി അയാൾ പകച്ചു നിൽക്കെ, ആ കണ്ണുനീർ ചുമരിലൂടെ ഒരു ചാലായി ഒഴുകുകയും, വൈകാതെ അതൊരു പ്രളയമായിത്തീരുകയും ചെയ്തു! ശൂലവും, പശുക്കളും, താമരപ്പൂക്കളും, സിംഹാസനങ്ങളും, സ്മൃതി സംഹിതകളുമെല്ലാം നിമിഷനേരം കൊണ്ട് ആ മഹാപ്രവാഹത്തിൽ മുങ്ങിത്താണ് അപ്രത്യക്ഷമായി.

കവിത

തെണ്ടി മൈസ്രേട്ട്



ആതിചിലങ്ക


കോയിന്നേട്ടാ ഇങ്ങളൊരു ഒച്ച കേട്ടീനാ
ഈട്ന്ന്?? ഏടെ ഒച്ച
ഇജ്ജ് എന്ന കൊയപ്പാക്കല്ല
എനക്കൊന്നും തിരിണില്ല
ആന്ന് കോയിന്നേട്ടാ ഒച്ചണ്ട്
ആ വാകേൻ്റെ ചോട്ടിൽ
ഇന്നന്നെ കാണാൻ ബൗഹ്സായിണ്ട്
അങ്ങ് മലക്കന്ന് ഓൻ വിളിച്ചറഞ്ഞ്
ഇന്നന്നെ കാണാൻ ബൗഹ്സായിണ്ട്
അങ്ങ് മലക്കന്ന് ഓൻ വിളിച്ചറഞ്ഞ്
'ബെക്ക്' ഓളൊന്നു മനസ്സിൽ ചിരിച്ചു
ഇവളോ ഇവള് കിട്ടേട്ടൻ്റെ കുട്ട്യാ
ഒരു കൊയപ്പക്കാരിപ്പെണ്ണല്ല
അക്കാപുക്കാ കളിക്കുമ്പ തൊട്ടേ
ഓന് ഓളെ ബെല്യ കാര്യേർന്ന്
മംഗലം കയിക്കാൻ നിന്നപ്പളാ ബയ്യാമ്പർത്തെ
അണ്ടി തോട്ടത്തിൽ കടിഞ്ഞിപൊട്ടൻ
തൂങ്ങി നിക്ക്ണത് കണ്ടത്
ഹയ്യിൻ്റപ്പാ എങ്ങനാ ചെക്കൻ മരിച്ചേ
ഓളും ഓനും കലമ്പി നിന്നപ്പോ
ഈടക്ക് രാത്രി ഒന്നും പറയാണ്ട് വന്ന
മോന്തി അല്ലേ വെള്ളോടിയൻ കേറി പോലും
അതിപ്പിന്നെ ഓൾക്ക് പ്രാന്തായി
ഇങ്ങനെ തെണ്ടി മൈസ്രേട്ടായി പായും
അതിപ്പിന്നെ ഓൾക്ക് പ്രാന്തായി
ഇങ്ങനെ തെണ്ടി മൈസ്രേട്ടായി പായും

കഥ

വട്ടപ്പാറയിലെ എട്ടാം വളവ്

ബിനോയ് ജേക്കബ്







വട്ടപ്പാറ ഇറക്കം തുടങ്ങുമ്പോഴാണ്. വഴിയിൽ ഇറങ്ങിപ്പോയ സുഹൃത്ത് പറഞ്ഞതിനുള്ളിലെ ചിരിയുണർന്നത്.

ഈ ചെറ്യേ വരുമാനങ്ങൊണ്ടൊന്ന്വാവില്ല്യ. ജീവിക്കണങ്കെ വേറെന്തെങ്കിലും ചെയ്യണ്ടേരും.

അന്റപ്പാന് സ്വന്തമായൊരു ഹോട്ടലില്ല്യേ. അവടെ നിന്നാപോരെ..?

അത്പ്പോ അന്ത്രോൻ കൊണ്ടുനടക്കല്ലെ.

പണിക്കാര്ണ്ടാ..?

രണ്ടാള്ണ്ട്. ഒരു പൊറോട്ട മാഷും പിന്നൊര് കയ്യാളും, പൊറാട്ടണ്ടാക്കണോന്റെ കൂലി കേക്കണാ, ആയിരത്തിരുന്നൂറാ..! മൂപ്പരാകല്ലിന്റെട്ത്ത്ന്ന് മാറില്ല്യ, പണിമുഴോന്നും കയ്യാളാചെയ്യല്. ഓന് കൂലി എണ്ണൂറും..

പൊറോട്ട സൂപ്പറാവും ല്ലേ..?

അഞ്ച് കായിനില്ല്യ..

ന്നാ അവടെ നിന്നിട്ടതൊക്കെ പഠിച്ചൂടെ..?

എന്ത് ..?

ഹോട്ടല് പണി..!

ചിരിച്ചായിരുന്നു മറുപടി..

അതൊന്നും ശര്യാവൂലാന്നൂ..!

എന്തേ.. ശര്യാവാത്ത്..?

ന്നാളൊരാൾക്ക് ചായണ്ടാക്കീട്ട് അത് ഞാൻതന്നെ



കുടിക്കണ്ട്യന്ന്..

അയാള് കുടിച്ചേന്റെ ബാക്ക്യാ..?

അയാള് വിടണ്ടെ.

ഞാനവനെ സൂക്ഷിച്ചൊന്ന് നോക്കി. അവൻ തുടർന്നു.

മിഞ്ഞാന്ന് വേറൊര് വിറ്റ്.

അതെന്തേ.?

പണ്ഡാരിക്ക് ദേഷ്യം പിടിച്ചിട്ടാ തോന്ന്ണ്. മൂപ്പര് കൊറെ പത്തിര്യങ്ങണ്ട് ണ്ടാക്കി. വൈന്നാരയപ്പോ അത് മുക്കാലും ബാക്ക്യായി,

ന്നിട്ടെന്തേ കാട്ടി..?

ബാക്കി അലമാരെല് വെച്ച്. ഇന്നലെ രാവിലെ ചായക്ക് വന്നൊര്ത്തന് എട്ത്ത് കൊടുത്തിട്ട് മാറിന്ന് നോക്കുമ്പോ പാവം വായിലിട്ട് അരക്കാണ് ഇക്കത് കണ്ടപ്പോ സയിച്ചില, ഞാൻ മെല്ലെച്ചെന്ന് ചോയിച്ച് പത്തിരി എങ്ങനണ്ട്ന്ന്..!

ന്നിട്ടോ ..?

അപ്പോ മൂപ്പര് പറയ്യാണ് വേവ് വല്ലാണ്ടെ കൂട്ട്യേർക്ക്ണ്ന്ന്..

ചുരുക്കം പറഞ്ഞാ അന്റെ പീട്യേന്ന് ഒര് സാധനം തിന്നൂടല്ലേ..

ഇങ്ങള് ഇതാരോടും പറയല്ലിട്ടാ.

എന്താ പറഞ്ഞാല്? ഇതൊക്കെ എല്ലാരും ചെയ്യിണതാ ന്റെ അറിവില് തലേ ദിവസത്തെ ദോശയരച്ച് മാവാക്കി ആ മാവില് പഴം



മുക്കി പൊരിണ്ടാക്ക്ണോ
ര്ണ്ട്..

അവൻ വാ പൊളിച്ചു.

ഞാൻ പറഞ്ഞു

പഴത്തിന് എത്ര കനം ണ്ടാ
വുന്നറിയോ.

ഇല്ല്യ!

ബ്ലേഡ് തോൽക്കും.

തന്നെ!

അല്ല. പിന്നെ, വേറെ
ന്തൊക്കെ എണ്ണക്കട്യാ മൂ
പ്പര്ണ്ടാക്കല്?

മൂപ്പര്ടെ ഉയ്ന്ന് വട ഉ
സാറാ.

ഉഴുന്ന് വടയെക്കുറിച്ച് സു

ഏത്ത് പറഞ്ഞപ്പോഴേക്കും
അവനിറങ്ങാനുള്ള സ്ഥലം
തീർന്നിരുന്നു.

പടിഞ്ഞാക്കര വാര്യത്തെ
കാര്യസ്ഥൻ ചന്തപ്പനെന്ന
ചന്ത്വമ്പ്യാര് മാറാടിമുക്കി
ലെ റ്റീ ഷോപ്പിലേക്ക് കയ
റിച്ചെന്നു പറഞ്ഞു.

ശങ്കാരാ കടുപ്പത്തിലൊര്
ചായ വേണം, അടിക്കണ്ട.

ഓണറായ ശങ്കരന്നായര് മറ്റൊരാൾക്ക് ചായ പാർന്നതിനൊപ്പം ഒരു ഗ്ലാസ്സ് കൂടെ ചേർത്ത് വെച്ച് നമ്പ്യാരെ നോക്കിപ്പറഞ്ഞു.

നമ്പ്യാരേ.. ഉഴുന്ന് വടണ്ട് ഒന്ന്ട്ക്കട്ടെ.

തുറിച്ച് നോക്കിക്കൊണ്ട് നമ്പ്യാര് പറഞ്ഞു.

വേണ്ട.. താനാ വാട്ടവെള്ളം വേഗങ്ങ്ട്ട് തന്നോളൂ.

അപ്പോഴേക്കും വാഹനം വട്ടപ്പാറ വളവിലേക്കടുത്തിരുന്നു.

മഴയോ, വെയിലോ ആവട്ടെ വലതുഭാഗത്തേക്ക് നോക്കിയാൽ കണ്ണെത്തും വരെയുള്ള കാഴ്ചകൾ അതി മനോഹരമാണ്. എവിടെയോ തുടങ്ങിയ കാഴ്ചക്കിടെ ചെരിഞ്ഞവസാനിക്കുന്ന മലയിടുക്കുകൾ അന്യദേശത്തെ സൂതന്മാരുടെ നിയന്ത്രണം പിഴക്കുന്നതിന്റെ പ്രധാന കാരണം ഉള്ളുകുളിർക്കുന്ന കാഴ്ചയിൽ മയങ്ങിയൊടുക്കം അഗാധമായ കുഴിയിലേക്ക് വളഞ്ഞിറങ്ങുന്ന റോഡുകണ്ട് പതറുമ്പോഴായിരിക്കണം.

ചന്ത്വമ്പ്യാര് അദ്ദേഹത്തിന്റെ ഭാഷയിലെ വാട്ടവെള്ളം കുടിച്ച് തീർത്ത ഗ്ലാസ് ചെത്തിക്കളയാൻ മാത്രം അഴുക്കുള്ള മേശക്കു മുകളിൽ വെച്ചു ആ മാസത്തെ പറ്റും തീർത്ത് പുറത്തേക്കിറങ്ങി നടന്നു.

പറ്റ് തീർക്ക്ണാന്ന് തന്റെ പേരിലുള്ള ആ ചന്ത സ്വഭാവം നമ്പ്യാര് പുറത്ത്കാട്ടും അന്ന് കണ്ടതിനൊക്കെ കുറ്റാണ്, ചായക്കും, കടിക്കും ഒക്കെ.

നമ്പ്യാർ മറഞ്ഞെന്നുറപ്പായപ്പോൾ ഈർപ്പം നഷ്ടമായ ഒരു കഷ്ണം പുട്ടിൽ ഒരൽപ്പം പോലും ഊർജ്ജമകലാത്ത പപ്പടമൊന്ന് ഞെളക്കം വന്ന പ്ലേറ്റിലെ മർദ്ദനത്തിൽ തകർന്ന് ബഞ്ചിലേക്ക് ചാടിയതും അതിലൊന്നിനെ ആ വഴി പോയ ഉറുമ്പൊന്ന് രക്ഷപ്പെടാൻ സഹായിക്കുന്നതിനിടെയാണ് വലിയ പപ്പട പൊട്ടുകളെ പെറുക്കി അയാൾ പാത്രത്തിലേക്കിടുന്നത്.

തന്നേക്കാൾ വലിയൊര് പപ്പടപ്പാളിയേറ്റി ഒരു കുഞ്ഞുറുമ്പ് വാണം വിട്ട പോലെ ബഞ്ചിന്റെ അഗ്രത്തേക്ക് പാഞ്ഞെത്തി അഗാധമായ താഴ്ചയിലേക്ക് തൊണ്ണൂറ് ഡിഗ്രി ചെരിവിലൂടെയവൻ സാവധാനം തീറ്റയും കൊണ്ട് നടന്നിറങ്ങി. ഇതൊന്നുമറിയാതെ അവസാനമായി കണ്ണിൽ തെളിഞ്ഞതും പാത്രത്തിലേക്കിട്ട് അയാൾ നായരോട് ചോദിച്ചു.

സ്മിത മരിച്ചപ്പോ ഉയുന്ന് വട തീറ്റ നിർത്ത്യേ, നമ്പ്യാര് ഇതാണല്ലെ.

എന്നുപറഞ്ഞുകൊണ്ട് ഒരുപിടി പുട്ട് വാരി ആയാൾ വായിലേക്കിട്ടു. അതുകണ്ട നായര്.

ഏത് സ്മിത?

ഷിൽക്ക് ഫ്മിത..!

വായ്ക്കകത്തുനിന്ന് പെടിച്ചു ചേർത്ത പപ്പടത്തോടൊപ്പം ചവയ്ക്കാൻ തുടങ്ങിയ പുട്ടു പുറത്തേക്കുചാടി..

കൂടുതൽ ഉറുമ്പുകൾ ഓടിയടുത്തു..

കവിത

കുറുങ്കവിതകൾ

വി കെ സി കൂടലിൽ



നിന്റെ പൂത്ത കാശ്ശു കണ്ടിട്ടായിരുന്നില്ല
കെട്ടുതാലിക്കായ്
കഴുത്തു നീട്ടിയത്.
ഇത്രടം വരെയെത്തിയിട്ടും
ഇട്ടേച്ചു പോകാത്തത്
ഉണ്ണിയൊന്നു ദരത്തിലുള്ളതു കൊണ്ടു
മാത്രമാണ്.

ഉള്ളിലിത്തിരിയുമില്ല ഈർപ്പമെന്നറിഞ്ഞിട്ടും
ഇട്ടു പോകാതെ
ഒട്ടി നിൽക്കുന്നത്
ധർമ്മപത്നി തൻ
മഹത്വം കൽപിച്ചാണ്.

നിന്റവടിവൊത്ത രൂപവും
വാക്കിലെ മധുരവും മതിയാവില്ലെന്റെ പ്രണയം മുളയ്ക്കുവാൻ
കെട്ടിട്ട വിലകൂട്ടും
കെട്ടുകൾക്കുള്ളിലാണിഷ്ടമിരിക്കാനെനിക്കെന്നും പ്രിയനേ.

പത്തു തികഞ്ഞു വിരുന്നെത്തുമുണ്ണി തൻ
ഇഷ്ടരൂപം കണ്ടേനുള്ളം കുളിർക്കുകിൽ
ശിഷ്ടകാലം നമുക്കുത്തമം പ്രേയസി.

കഥ

സന്ധ്യക്കു വിരിഞ്ഞ പൂക്കൾ

ഉണ്ണി ആവട്ടി



ഗൾഫിലെ ഉഷ്ണക്കാറ്റിനോടും വർക്കഷോപ്പിലെ ഒരു പകൽ മുഴുവൻ നീണ്ടുനിന്ന മെക്കാനിക്കൽ ജോലിയോടും മല്ലടിച്ച്, ക്ഷീണിച്ചവശനായിട്ടു തന്നെയാണ്, അന്നും പവിത്രൻ താമസസ്ഥലത്തെത്തിയത്. കുളിയും രാത്രി ഭക്ഷണവും കഴിഞ്ഞ്, പതിവുപോലെ നാട്ടിൽനിന്നും വന്ന കത്തുകളിലൂടെ ഒന്നു കണ്ണോടിച്ചു. സഹോദരീസഹോദരൻമാരുടെ കത്തുകളിലെ ഉള്ളടക്കങ്ങളെക്കുറിച്ച് ഫോണിലൂടെയും മറ്റും കേട്ട് നേരത്തെ തന്നെ നല്ല ഗ്രാഹ്യമുള്ളതു കൊണ്ട്, അവ പൊട്ടിക്കുക കൂടെ ചെയ്യാതെ മാറ്റിവെച്ചു. അല്ലെങ്കിലും കഴിഞ്ഞ കുറച്ചുമാസങ്ങളായി അവരുടെ കത്തുകളിലെ പ്രമേയങ്ങളെല്ലാം സാമ്പത്തികം മാത്രമായിരുന്നുവല്ലോ!!

ചേച്ചിയുടെ ഡിഗ്രിക്ക് പഠിക്കുന്ന മകൾക്ക് കല്യാണാലോചന തുടങ്ങി. സ്വർണ്ണം വാങ്ങാൻ നല്ല ഒരു സംഖ്യ വേണം. ഇളയപെങ്ങൾക്ക് മകനെ എം.ബി.ബി.എസ്സിന് പ്രൈവറ്റ് മെഡിക്കൽ കോളേജിൽ തന്നെ ചേർത്തേ പറ്റൂ. രണ്ടുപേരുടെയും സാമ്പത്തികസ്രോതസ്സ് താൻ തന്നെ. ഇളയ സഹോദരന് കാർ വാങ്ങിക്കാൻ സ്വന്തം പണം തികയില്ലത്രെ. ഏറ്റവും ഇളയവനായ രാജുവും അവന്റെ ഇളയമകനെ എൽ.കെ.ജിയിൽ ചേർക്കാനുള്ള ലക്ഷങ്ങൾക്കായി ഉറ്റുനോക്കുന്നത്, ഗൾഫിലുള്ള അവന്റെ മൂത്തജ്യേഷ്ഠനെത്തന്നെ. കഴിഞ്ഞ കത്തുകളിലെ അമ്പതുലക്ഷത്തിലധികം വരുന്ന മിനിമം ഡിമാന്റു കണ്ടപ്പോൾ, താൻ ബോധംകെട്ടു

വീണില്ലെന്നേയുള്ളൂ. ഒരുമാസം മൂവായിരം ദിർഹം ഉണ്ടാക്കാൻപോലും പെടാപാട് പെടുന്ന തന്റെ അവസ്ഥ അല്ലെങ്കിലും തനിക്കുമാത്രമല്ലേ അറിയുകയുള്ളൂ. ഗൾഫിൽ പണം കായ്ക്കുന്ന മരമുണ്ടെന്നാണ് നാട്ടിലെ ബന്ധുക്കളുടെയൊക്കെ വിചാരം!!

പവിത്രൻ തനിയ്ക്കെന്നും എപ്പോഴും മനസ്സിനാശ്വാസം തരുന്ന, കുളിർമ പകരുന്ന, ഇരുപതുവർഷമായിട്ടും തന്നോടിന്നേവരെ ഒരു നയാപൈസ പോലും ആവശ്യപ്പെട്ടിട്ടില്ലാത്ത, അടുത്ത കത്തെടുത്ത് പൊട്ടിച്ചു.

"മോനേ പവിത്രാ... ഇക്കൊല്ലത്തെ കന്നിമാസത്തിലെ മകത്തിന് നിനയ്ക്ക് അമ്പതാണ് തികയാൻ പോവുന്നത്. നിനക്കും ഒരു ജീവിതം വേണ്ടേ കുട്ടീ... എന്നും ആങ്ങളമാരുടെയും പെങ്ങൻമാരുടെയും അവരുടെ മക്കളുടെയും കാര്യങ്ങൾ മാത്രം നോക്കി നടന്നാൽ മതിയോ..? പിന്നെ നമ്മുടെ സുമതി ഇന്നലെ ഇവിടെ വന്നിരുന്നു. നിന്നെപ്പറ്റിയാണ് കൂടുതലായും അന്വേഷിച്ചത്. നിന്റെ അച്ഛൻ മരിച്ചതിന്നുശേഷം തീർത്തും ഒറ്റപ്പെട്ടു പോയിരുന്ന എനി



ക്ക്, ഇപ്പോഴുള്ള ഏക ആ ശ്വാസം വല്ലപ്പോഴുമുള്ള അ വളുടെ വരവാണ്.."

കണ്ണ് സുമതിയിൽ ഉടക്കി നിന്നതിനാൽ അമ്മയുടെ കത്തിന്റെ ബാക്കി ഭാഗങ്ങ ൾ മുഴുവനായും വായിക്കാ ൻ പവിത്രനു കഴിഞ്ഞില്ല. എ.സി. മുറിയായിരുന്നിട്ടു പോലും, മനസ്സിന്റെ അത്യു ഷ്ണം കാരണം, നിദ്രാവിഹീ നനായി അയാൾ തിരി ഞ്ഞും മറിഞ്ഞും കിടന്നു. കു റച്ചു വർഷങ്ങളായി രാത്രിയി ൽ, തന്നെ നിരന്തരം ശല്യ പ്പെടുത്തിയിരുന്ന വലിവി നും ചുമയോടുമൊപ്പം, ഓർ മ്മകളും അന്നയാളെ വല്ലാ തെ വീർപ്പുമുട്ടിച്ചു കൊണ്ടി രുന്നു.

സുമതി തന്റെ മൂത്തമ്മാൻ ശങ്കരമ്മാവന്റെ മകളായി രുന്നു. അതെ. ശരിക്കും ത ന്റെ മുറപ്പെണ്ണ്. മുതിർന്നവ ർക്കും എതിർപ്പില്ലാത്തതു കൊണ്ട്, കുട്ടിക്കാലത്തെ അടുപ്പം തങ്ങൾ മുതിർന്നി ട്ടും തുടർന്നുപോന്നു. സുമ തിക്കു കല്യാണ പ്രായമായ പ്പോൾ ശങ്കരമ്മാൻ തങ്ങളു ടെ ജാതകപ്പൊരുത്തം ഗ ണിച്ചു നോക്കി. അപ്പോഴാ ണ് എല്ലാവരേയും ഞെട്ടിപ്പി ച്ച സുമതിയുടെ ഒരു ജാത കദോഷം പുറത്തറിയുന്നത്. അവളുടെ ജാതകത്തിൽ വൈധവ്യയോഗമുണ്ടത്രെ. അതായത് കല്യാണം കഴി ഞ്ഞാൽ ഭർത്താവ് മരണ പ്പെടും. അതു പരിഹരിക്ക ണമെങ്കിൽ ആ ദോഷ ത്തെ മറികടക്കുന്ന ജാതക ഗുണങ്ങളുള്ള ഒരാൾതന്നെ ഒത്തുവരണം. തന്റെ ജാത കത്തിൽ അത്തരത്തിലുള്ള മേന്മകളൊന്നും ഗണിച്ച പ്പോൾ കണ്ടില്ലത്രെ. അവ സാന തീരുമെടുക്കുന്നതി ന്നു മുമ്പേ തന്റെ വീട്ടുകാർ, ജാതകങ്ങൾ പേരുകേട്ട വേറൊരു ജോത്സ്യനെക്കൂ ടെ കാണിച്ചെങ്കിലും, അയാ ളും കൃഷ്ണൻകണിയാരെ ശരിവെക്കുകയാണ് ചെയ്ത ത്.

സുമതി നിസ്സഹായയായിരു ന്നു. നാട്ടിലെ പേരുകേട്ട ച ന്ദ്രോത്തു തറവാട്ടുകാരെ മു ഴുവൻ ശത്രുക്കളാക്കിക്കൊ ണ്ടുള്ള ഒരു ഒളിച്ചോട്ടത്തിന് തൊഴിൽ രഹിതനായ ത നിയ്ക്കും അന്നു കഴിഞ്ഞില്ല. തന്റെ ഏക സന്താനത്തി ന്റെ ഭാവി സുരക്ഷിതമാ ക്കാൻ അമ്മാവൻ, സുമ തിക്ക് പിന്നീട് വേറെയും ആലോചനകൾ തുടങ്ങി. ഒ ടുവിൽ അകന്ന ബന്ധത്തി ലുള്ള മിലിട്ടറിയിൽ ജോലി ചെയ്യുന്ന രാമകൃഷ്ണനുമായി അവളുടെ വിവാഹവും ഉറ പ്പിച്ചു. തന്റെ എല്ലാമെല്ലാ മായ സുമതിയെ ഒരു പട്ടാ ളക്കാരൻ സ്വന്തമാക്കുന്ന ത് കാണാനുള്ള കരുത്തി ല്ലാതെ, അവരുടെ കല്യാ ണത്തിനു മുമ്പേ താൻ ഗൾ ഫിലേക്കു പറന്നു. പോളിടെ ക്നിക്കിൽ നിന്നും മെക്കാ നിക്കൽ ഡിപ്ലോമയുണ്ടായി രുന്നതു കാരണം താമസി യാതെ ഒരു വർക്കുഷോപ്പി ൽ ജോലിയും ഒത്തുകിട്ടി. ക ഴിഞ്ഞ ഇരുപതു വർഷക്കാ ലത്തിനിടയിൽ അച്ഛൻ മ രിച്ചപ്പോൾ മാത്രമാണ് നാ ട്ടിലേക്കു പോയത്.

അമ്മയെ കാണണമെന്നു ള്ള അതിരറ്റ ആഗ്രഹം പല വട്ടം നിർബ്ബന്ധിച്ചിട്ടും മന സ്സ് തയ്യാറായില്ല. കല്യാ ണം കഴിഞ്ഞ് അഞ്ചു വർ ഷം കഴിഞ്ഞപ്പോൾ ത ന്നെ സുമതി, ഭർത്താവ് ഒരു യുദ്ധത്തിൽ വീരമൃത്യു വരിച്ച്, വിധവയായിക്കഴി ഞ്ഞിരുന്നു. നാട്ടിൽ പോ യാൽ അമ്മാവന്റെ വീട്ടിൽ നില്ക്കുന്ന സുമതിയെയും കാണേണ്ടിവരും. അവളെ അഭിമുഖീകരിക്കാനുള്ള പ്ര യാസം തന്നെയായിരുന്നു, പിന്നീട് നാട്ടിലേക്കുള്ള ത ന്റെ യാത്രകൾക്ക് തടസ്സം

നിന്നത്.

രാവിലെ എഴുന്നേറ്റ് വർഷങ്ങൾക്കുശേഷം കണ്ണാടി നോക്കിയ പവിത്രന് തന്റെ രൂപത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ല. ഇരുപതു വർഷത്തെ മണലാരണ്യ ജീവിതം തന്റെ ചോരയും നീരും ഒരുപാട് ചോർത്തിക്കളഞ്ഞിരിക്കുന്നു. മുഖം ചുക്കിച്ചുളുങ്ങിയിരിക്കുന്നു. പാതിയും നരച്ച തലയുടെ മുമ്പിലും പിറകിലും സൂര്യകാന്തിപ്പൂക്കൾ വിടർന്നിരിക്കുന്നു. ജരാനരകൾ പതുക്കെ പതുക്കെ, തന്നെ കീഴടക്കിക്കൊണ്ടിരിക്കുന്നു. അമ്മ ചോദിച്ച അതേ ചോദ്യം അയാളുടെ മനസ്സും പിന്നീട് പലപ്രാവശ്യം അയാളോടു ചോദിച്ചു.

" പവിത്രാ.. നിനക്കും വേണ്ടേ... ഒരു ജീവിതം. ജീവിതത്തിന്റെ വലിയൊരു ഭാഗം ഋതുഭേദങ്ങൾപോലും അറിയാതെ മണലാരണ്യത്തിലെ അഗ്നികുണ്ഡത്തിൽ ഹോമിക്കപ്പെട്ട നിന്റെയടുത്തേക്ക് ഒരിക്കലെങ്കിലും വസന്തം കടന്നുവരേണ്ടേ...? ഒരിക്കലെങ്കിലും നിന്റെ മാവും പൂക്കേണ്ടേ...? നീയും മജ്ജയും മാംസവുമുള്ള ഒരു മനുഷ്യനല്ലേ...? "

മകന്റെഭാഗത്തുനിന്നും ഒരു ചെറിയ പോസിറ്റീവ് സിഗ്നൽ കിട്ടിയപ്പോൾ തന്നെ പാർവ്വതിയമ്മ മുന്നിട്ടിറങ്ങി. പക്ഷാഘാതംമൂലം വർഷങ്ങളായി കിടപ്പിലായിരുന്ന മൂത്ത ജ്യേഷ്ഠനെ അവർ ചെന്നുകണ്ടു. ശങ്കരൻ നായരും മരുമകന്റെ നിലപാടിനെ പൂർണ്ണമനസ്സോടെ സ്വാഗതംചെയ്തു. സഹോദരിയെ കെട്ടിപ്പിടിച്ച്, ഒരു ജാതകം അവരെ ഏല്പിച്ചിട്ട്, വിങ്ങിപ്പൊട്ടിക്കൊണ്ട് അയാൾ പറഞ്ഞു.
"പാർവ്വതീ... പല പ്രാവശ്യം നിന്നോട് തുറന്നു പറയണമെന്നു കരുതിയതാണ്. പക്ഷെ അതിനുള്ള മനക്കരുത്തില്ലാത്തതു കൊണ്ട് പറഞ്ഞില്ല. ഇപ്പോഴെങ്കിലും പറഞ്ഞില്ലെങ്കിൽ... ഞാൻ കാരണം യൗവ്വനം ഹോമിക്കപ്പെട്ട രണ്ടുപേരുടെ ശിഷ്ടജീവിതവും പൂർണ്ണമായും തകർന്നുപോകും. മാപ്പ് ചോദിക്കാനുള്ള അർഹത പോലും എനിക്കില്ല. എന്റെ കൊടിയ സ്വാർത്ഥതമൂലം നിങ്ങളോടെല്ലാം.. പ്രത്യേകിച്ചും സുമതിയോടും പവിത്രനോടും മഹാപരാധമാണ് ഞാൻ ചെയ്തത്. ആ സമയം വേലയും കൂലിയുമില്ലാതെ നടക്കുന്ന പവിത്രനെക്കാൾ മേന്മ ,എന്റെ അകന്ന ബന്ധത്തിലെ മരുമകൻ കൂടിയായ പട്ടാളക്കാരൻ രാമകൃഷ്ണനിൽ ഞാൻ കണ്ടു. പക്ഷെ... കുട്ടിക്കാലം മുതലേയുള്ള പവിത്രന്റെയും സുമതിയുടെയും ഇഷ്ടത്തെ പരസ്യമായി അനുകൂലിച്ചിരുന്ന ചന്ദ്രോത്തുകാരെക്കൊണ്ട് അതിനെതിരായ ഒരു നിലപാടെടുപ്പിക്കണമെങ്കിൽ, അവർക്കു വിശ്വാസം വരുന്ന എന്തെങ്കിലും ശക്തമായ തെളിവുകൾ നിരത്തണമായിരുന്നു. അങ്ങനെയാണ് ഞാൻ കൃഷ്ണൻ കണിയാരെ കണ്ടത്. നോക്കുമ്പോൾ പവിത്രന്റെയും സുമതിയുടെയും ജാതകങ്ങൾ തമ്മിൽ പത്തിൽ പത്തു പൊരുത്തമുണ്ടായിരുന്നു. പക്ഷെ... കണിയാരെക്കൊണ്ട്, ഞാൻ സുമതിക്ക് വൈധവ്യയോഗമുള്ള ഒരു ജാതകംകൂടെ എഴുതിപ്പിച്ചു. ആ ദോഷം പരിഹരിക്കുന്ന തരത്തിലുള്ള ഒരു മാറ്റം രാമകൃഷ്ണന്റെ ജാതകത്തിലും വരുത്തി. സുമതിയുടെ പുതിയ ജാതകമാണ് അന്ന് നിങ്ങളുടെ കയ്യിൽ തന്നയച്ചത്. ഇപ്പോൾ നിനക്കു തന്നതാണ് സുമതിയുടെ ശരിയായ ജാതകം. കൊടുംക്രൂരതയ്ക്കുള്ള ശിക്ഷ ദൈവം എനിയ്ക്കൊന്നൊ

ന്നായി തന്നുകൊണ്ടിരിക്കു ന്നു. കാലം കുറെ താമസി ച്ചുവെന്നറിയാം. പറയാൻ ഒട്ടും അർഹതയില്ലെന്നുമറി യാം. സുമതിയെയെങ്കിലും ഈ കണ്ണീർക്കയത്തിൽ നി ന്നും രക്ഷപ്പെടുത്താൻ പവി ത്രനോട് പറയണം. അവ ൾക്കിപ്പോഴും അവനെ വലി യ കാര്യമാണ്. ഞാനവ ന്റെ കാലുപിടിക്കാം. ഇന്ന ത്തെ എന്റെ നിസ്സഹായാ വസ്ഥയിൽ ഇതിൽക്കൂടുതൽ ഞാനെന്തു ചെയ്യാൻ...?"

ഏട്ടൻ പറഞ്ഞ കാര്യങ്ങൾ പാർവ്വതിയമ്മക്ക് മകനോ ടും പറയാതിരിക്കാൻ കഴി യുമായിരുന്നില്ല. പ്രതികര ണശേഷിയില്ലാത്ത കുറച്ചു ദിവസങ്ങളിലൂടെയാണ് പ വിത്രൻ പിന്നീട് കടന്നു പോയത്. ഇരുപത് വർഷ ക്കാലം ഗൾഫ് മരുഭൂമിയി ൽ തന്റെ യൗവ്വനം ഹോമി ക്കപ്പെടാൻ കാരണഭൂത നായ ശങ്കരമ്മാവനോടുള്ള പക ഒരുവശത്തു നിന്നും, നിസ്സഹായയായ നിരാ ലംബയായ സുമതിയോടു ള്ള ഇഷ്ടവും അനുകമ്പയും മറുവശത്തുനിന്നും, അയാ ളെ വരിഞ്ഞു മുറുക്കുകയാ യിരുന്നു. മണലാരണ്യത്തി ലെ പൊടിക്കാറ്റ് വലിച്ചു കേ റ്റി വലിവുരോഗം പിടിപെട്ട തിനാൽ ശ്വാസമെടുക്കാൻ പോലും പെടാപാട് പെടുന്ന അയാളുടെ ശ്വാസകോ ശം, പക്ഷെ അയാളോടു തു റന്നുചോദിച്ചു. "പവിത്രാ നി ന്റെ മനസ്സിനും ശരീരത്തി നുമേറ്റ ക്ഷതങ്ങളേയും മുറി പ്പാടുകളേയും ഒട്ടും ചെറുതാ യി കാണുന്നില്ല. കഠിന ശി ക്ഷയർഹിക്കുന്ന കൊടുംക്രൂ രതയും പാതകവും തന്നെ യാണ് ശങ്കരൻനായർ ചെയ്തതും. സംശയവുമില്ല. പക്ഷേ... ചത്തതിനൊക്കു മേ ജീവിച്ചിരിക്കിലും എന്ന മട്ടിൽ ശയ്യാവലംബിയായ അയാളോട് ഇനി നീയായി ട്ട് എന്തു പകരം വീട്ടാനാ ണ്...? ഒന്നുമറിയാത്ത... ഇ പ്പോഴും നിന്നെ മനസ്സിൽ പ്രതിഷ്ഠിച്ചുകൊണ്ടു നടക്കു ന്ന പാവം സുമതി എന്തു പിഴച്ചു...? പിന്നെ... ദേ... ഒരു കാര്യം കൂടെ. പൊടിക്കാറ്റി ൽ മൂക്കിൽ പൊടികേറി ഞ രമ്പുകൾ മുറിഞ്ഞ്, രക്തം കട്ടപിടിച്ചതിനുള്ള തുള്ളിമ രുന്നുകൾ ഒഴിച്ചൊഴിച്ച് എ ന്റെ മറ്റു ശരീരഭാഗങ്ങളും ക്ഷീണിച്ചുതുടങ്ങി. എന്നെ ക്കൊണ്ട് ഒറ്റയ്ക്കിനി അധിക കാലം നിന്നെ കെട്ടിവലി ക്കാൻ കഴിയുമെന്നു തോ ന്നുന്നില്ല. നിനക്കിപ്പോൾ എല്ലാറ്റിനും ഒരു തുണ വേ ണ്ടുന്ന സമയംകൂടെയാണ്. എനിയ്ക്ക് കൂടുതൽ സംസാരി ക്കാൻ കഴിയുന്നില്ല. തീരു മാനം നിനക്കുതന്നെ വിടുന്നു."

അപ്പോഴേക്കും ശ്വാസമെടു ക്കാൻ പോലും ബുദ്ധിമുട്ടിയ പവിത്രൻ അണച്ചുകൊണ്ടു തന്നെ അമ്മയെ വിളിച്ച്, തീരുമാനം അറിയിച്ചു. സുമ തിക്ക് സമ്മതമാണോ എ ന്നൊന്നും പാർവ്വതിയമ്മ പിന്നീട് ചോദിച്ചില്ല. തന്റെ കളിക്കൂട്ടുകാരനെ ഭർത്താ വായി സ്വീകരിക്കാനുള്ള സുമതിയുടെ സ്ത്രീമനസ്സ് നേരത്തെതന്നെ അവർ തൊട്ടറിഞ്ഞിരുന്നു.

അധികം താമസിയാതെ, രണ്ടു ദശാബ്ധക്കാലത്തെ തന്റെ പ്രവാസ ജീവിതത്തി ന് പൂർണ്ണ വിരാമമിട്ടുകൊ ണ്ട്, പവിത്രൻ നാട്ടിലേക്കു മടങ്ങി. പിന്നീടൊട്ടും താമ സമുണ്ടായില്ല. സന്ധ്യയ്ക്കു വിരിഞ്ഞ രണ്ടു ജീവിതങ്ങ ളിലേക്ക് പുതുവസന്തത്തി ന്റെ പാദമുദ്രകളുമായി, ച ന്ദ്രോത്ത് തറവാട്ടുമുറ്റത്തു തന്നെ ഒരു വലിയ കല്യാ ണപ്പന്തൽ ആകാശംമുട്ടെ ഉയർന്നുപൊങ്ങി!!..





ജയവിജയമന്ത്രണങ്ങൾ

സ്കൂൾ തുറന്ന് ഒരു മാസം പിന്നിട്ടിട്ടും മഴപ്പെയ്ത്തിനു മാത്രം ഒരു മാറ്റവുമില്ല. ചറ പറ ചറ പറ ...

ഈറനുണങ്ങാത്ത ഉടുപ്പിന്റെ മണം....ചേമ്പിലയിലെ സ്ഫടികത്തിളക്കം. മട വെള്ളത്തിൽ വാഴപ്പോളയും കൊതുമ്പും കൊണ്ട് ഭക്രാനംഗൽ അണക്കെട്ട് കെട്ടി തോട്ടിറമ്പിലൂടെ കുഞ്ഞൻ മീനുകളെ പിടിച്ച് ഹോർളിക്സു കുപ്പിയിൽ അടച്ച് കമ്മ്യൂണിസ്റ്റ് പച്ചകൾക്കിടയിൽ ഒളിപ്പിച്ച് സാറിന്റെ കൈയിൽ നിന്നും അടി കിട്ടാതിരിക്കാൻ കൈതയുടെ ഓലയിൽ പേരു വരഞ്ഞിട്ട് മടക്കി കുത്തിവച്ചൊരോട്ടം. ഓടിച്ചാടി പറമ്പുകളിലൂടെയും വയൽ വരമ്പുകളിലൂടെയും കുറുക്കുവഴികളിലൂടെയും ഫസ്റ്റ് ബെല്ലടിക്കും മുൻപേ എത്താനുള്ള തത്രപ്പാട്.... പൊട്ടിയ സ്ലേറ്റും വാറു പൊട്ടാറായ പാരഗൺ ചെരുപ്പും നിറം മങ്ങിയ പുള്ളിക്കുടയുമായി ഓടിയ ഒരു കാലം മനസ്സിലേക്കിരമ്പി വരുന്നു. ഓട്ടത്തിനിടയിൽ പറിച്ചെടുത്ത വെടിപ്പച്ചയും മഷിത്തണ്ടും .....വിളയാത്ത പേരക്ക

യും മാങ്ങയും പുളിയും പങ്കിട്ട ......ഓർമ്മയിലിപ്പോഴും ജീവനിട്ടു നിൽക്കുന്ന ആ കാലം മായേണ്ടിയിരുന്നില്ല.



ജീവിതം ഒരു മഹാസാഗരമാണെന്നു പറഞ്ഞ മഹാനെ നമിക്കാതെ വയ്യ. ആ സാഗരതീരത്തെത്തുമ്പോൾ അതിലെ ഓരോ തിരകളും ഓരോ വ്യക്തികളായി തോന്നുന്നു. ഓരോരോരോ അനുഭവങ്ങൾ സമ്മാനിച്ചു കടന്നു പോകുന്നവർ. മുട്ടിയുരുമ്മി കാല്പാദങ്ങളിൽ ഒരു പൂച്ചക്കുഞ്ഞിനെപ്പോലെ ഉരുമ്മി നനയ്ക്കുന്നവ. മുട്ടോളം നനച്ച ജീവിതത്തിൽ നിന്നും തിരിച്ചോടാൻ പ്രേരിപ്പിക്കുന്നവ. സ്നേഹം കൊണ്ടു വീർപ്പുമുട്ടിച്ച് നമ്മെ കൈ പിടിച്ച് ഒപ്പം കൂട്ടി കൊണ്ട് പോകുന്നവ.

സുഖദുഃഖങ്ങൾ പങ്കിട്ട് ആശ്വസിപ്പിച്ച് വേദനകളിൽ ഒപ്പം നിൽക്കുന്നവരെയാണ് നാം അവസാനം വരെയും ഓർക്കുക.

എന്റെ ജീവിതത്തിന്റെ പല ഘട്ടങ്ങളിൽ പല തരത്തിൽ കൈ പിടിച്ചു നടത്തിയത് കുറെ 'ജയ' മാരാണ്. 'ജയ'മാർ എത്രമാത്രം എന്നോട് ഇഴുകിച്ചേർന്നിരിക്കുന്നു എന്നത് എനിക്കു ഇപ്പോഴും അത്ഭുതമായി തോന്നാറുണ്ട്.

എന്റെ പ്രാഥമിക വിദ്യാഭ്യാസം വാമനപുരത്തെ ഗവ. യു.പി.സ്കൂളിൽ ആയിരുന്നു. അവിടെ എനിക്കു പ്രിയപ്പെട്ട അധ്യാപിക വിജയമ്മ ടീച്ചറായിരുന്നു. സെറ്റുമുണ്ടും ധരിച്ച് കറുത്ത ഫ്രെയിമുള്ള കണ്ണടയും വെച്ച് പൊതിഞ്ഞ പുസ്തകങ്ങൾ നെഞ്ചോടു ചേർത്തു വെച്ച വാഴക്കൂട്ടങ്ങൾ ഒളിപ്പിച്ച പനിനീർ റോസാപ്പൂവിന്റെ മണമുള്ള വീട്ടിൽ നിന്നും വയൽ വരമ്പിലൂടെ സ്കൂളിലേയ്ക്കു വരുന്ന... നിറഞ്ഞ ചിരിയോടെ എല്ലാ കുട്ടികൾക്കും ഒരുപോലെ സ്നേഹവും പരിഗണനയും നൽകുന്ന, കീറിയതെങ്കിലും വൃത്തിയും വെടുപ്പുമുള്ള ഉടുപ്പിട്ട് രാവിലെ തന്നെ കുളിച്ചു ക്ലാസ്സിൽ വരണമെന്ന് നിർബന്ധമുള്ള, ഒരമ്മയെപ്പോലെ കുട്ടികളെ ചേർത്തുപിടിച്ച ടീച്ചർ. മരണാനന്തര ജീവിതത്തിൽ നരകത്തിലെ ഭീകരത പറഞ്ഞ് ഒരു കുഞ്ഞു കള്ളം പോലും പറയാൻ ഇപ്പോഴും മടിക്കുന്ന തരത്തിൽ എന്നെ പാകപ്പെടുത്തിയ എന്റെ വിജയമ്മ ടീച്ചർ.

വാമനപുരം നദിയിലെ ആ പേടിപ്പെടുത്തുന്ന പാലവും കടന്ന് ഹൈസ്കൂളിലെത്തിയപ്പോൾ അന്തരീക്ഷം ആകെ മാറി. വീടിന്റെ തൊട്ടയലത്തുള്ള കളിക്കൂട്ട

കാർ എന്നതിനപ്പുറം ലോകം വിശാലമായി. എങ്കിലും അപരിചിതമായ ആ ചുറ്റുപാടിൽ സ്കൂളിലെ അമ്മയാണെന്ന് പറഞ്ഞ് ചേർത്തു പിടിച്ചത് മറ്റൊരു 'ജയ' ആയിരുന്നു. വിജയാംബിക ടീച്ചർ. പൊട്ടുകുത്തി പൂ ചൂടി കണ്ണെഴുതി വൃത്തിയും വെട്ടുപ്പോടെയും വരാൻ മാത്രമല്ല ക്ലാസ്സിലെ പാവപ്പെട്ട വിദ്യാർഥികൾക്കു ഇരു ചെവിയറിയാതെ സഹായിക്കാനും അധ്യാപകരില്ലാത്ത സമയത്ത് സഹവിദ്യാർഥികളെ പഠിക്കാൻ സഹായിക്കാനും അച്ചടക്കത്തോടെ മറ്റു ക്ലാസ്സുകാർക്ക് മാതൃകാ വിദ്യാർഥികളായിട്ടിരിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കി.



ഒരധ്യാപികയാവണമെന്ന മോഹം എന്നിൽ തളിരിട്ടതും വിജയാംബിക ടീച്ചറെ കണ്ടിട്ടായിരുന്നു. വായനയുടെ വിശാലമായ ലോകത്തിലേയ്ക്കു കൂട്ടികൊണ്ടു പോയതും വായനാ സുഖമുള്ള പുസ്തകങ്ങൾ തെരഞ്ഞു തന്നതും ടീച്ചർ തന്നെ. പിൽക്കാലത്ത് ടീച്ചറിനെപ്പോലെ ഒരു മലയാളം അധ്യാപിക ആയപ്പോൾ ഞാൻ കോപ്പിയടിച്ചതും വിജയാംബിക ടീച്ചറിനെ തന്നെ.

പൊതുവെ അന്തർമുഖിയായ എന്നെ കുറേക്കൂടി ഉൾവലിഞ്ഞ പ്രകൃതക്കാരിയാക്കിയതു മറ്റൊരു 'ജയ' യായിരുന്നു. ക്ലാസ്സിലെ നീളം കൂടിയ എന്നെ ഏറ്റവും പിന്നിലാണ് ക്ലാസ് ടീച്ചർ ഇരുത്തിയിരുന്നത്. ആദ്യ ദിവസം തന്നെ ബോർഡിലെ പരീക്ഷണ കണക്ക് ചെയ്ത് ഇത്തിരി ഗമയിൽ തൊട്ടടുത്തിരുന്ന കുട്ടിക്കൊപ്പം കണക്കു ബുക്കുമായി ഞാൻ എത്തി. കണ്ടെഴുതി കൊണ്ടുവന്നുവെന്ന് പറഞ്ഞ് ഒരു പാട് കളിയാക്കി. പുതിയ കൂട്ടുകാർക്കിടയിൽ നാണം കെട്ട ഞാൻ പിന്നെ എന്റെ ബുക്കുമായി ടീച്ചറെ കാണാൻ പോയിട്ടേയില്ല.

വിദ്യാഭ്യാസ വിചക്ഷണന്മാർ കുട്ടികളുടെ മനഃശാസ്ത്രമനുസരിച്ചു പാഠങ്ങൾ ക്രമീകരിക്കും. അധ്യാപക പരിശീലനക്കളരികൾക്കപ്പുറത്ത് ആ മനഃശാസ്ത്ര തത്വങ്ങൾ പലപ്പോഴും പ്രാവർത്തികമാക്കാൻ പലരും മറന്നു പോകുകയും ചെയ്യും. എന്നാൽ പില്ക്കാലത്ത് അധ്യാപികയുടെ വേഷമിട്ടപ്പോൾ ഈ മനഃശാസ്ത്രം എനിക്കു പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല എങ്കിലും കുഞ്ഞു മനസ്സുകളെ വേദനിപ്പിക്കാതിരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അന്നെന്നെ കൂട്ടുകാരുടെ ഇടയിൽ

വച്ച് കളിയാക്കിയ ആ കണക്ക ടീച്ചർ അഭിനന്ദിച്ചത് ഞാൻ ഇന്നും അഭിമാനത്തോടെ ഓർക്കുന്നു. ഇതിനെന്നെ പ്രാപ്തയാക്കിയതോ മറ്റൊരു ജയ. എന്റെ ട്യൂഷൻ ടീച്ചർ ആയ പ്രിയപ്പെട്ട ജയ ചേച്ചി .

എന്നെ മലയാള സാഹിത്യത്തിൽ ആകൃഷ്ടയാക്കിയത് ജയൻ സാറായിരുന്നു. സ്കൂൾ ക്ലാസ്സ് മുതൽ ബിരുദ ബിരുദാനന്തര ക്ലാസുകളിൽ വരെ അധ്യാപകനായിരുന്ന സുഭദ്രാലയം ജയകുമാർ. അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞുവെങ്കിലും കള്ളിയങ്കാട്ടെ കറുത്ത നീലി.... എന്ന ഏഴാച്ചേരിയുടെ കവിത ഗാംഭീര്യത്തോടെ ചൊല്ലുന്നത് ഇന്നും കാതുകളിൽ മുഴങ്ങുന്നു. മലയാള കാവ്യാംഗനകനകച്ചിലങ്ക കിലുക്കികിലുക്കി പ്രാചീന മലയാള കൃതി മുതൽ ജ്ഞാനപീഠ നഭസ്സിൽ തലയുയർത്തിപ്പിടിച്ച ശ്രീ. ഒ.എൻ.വി വരെയുള കാലം അക്ഷരങ്ങളിലൂടെ എന്റെ മനസ്സിൽ അടയാളപ്പെടുത്തിയത് ജയൻ സാറായിരുന്നു. പാശ്ചാത്യസാഹിത്യ പ്രസ്ഥാനങ്ങൾ ഭാരതീയ കാവ്യമീമാംസയൊക്കെ പച്ചവെള്ളം പോലെ പഠിപ്പിക്കുന്ന പാരിപ്പള്ളി വിജയൻ സാറിനെ എങ്ങനെ മറക്കാനാണ്?

സൗഹൃദത്തിന്റെ നിത്യവസന്തം തുറന്നിട്ട് പല ജയമാരും പിന്നെയും വന്നു. അതിൽ ജയലേഖ മടവൂർ, ജയ വി എസ്. കിളിമാനൂർ, പ്രശാന്തി ജയൻ കാട്ടാക്കട... ഇങ്ങനെ പോകുന്നു പട്ടിക. എന്റെ ജീവിതത്തിലെ ഓരോ തലങ്ങളിലും എന്നെ രാകിമിനുക്കിയ ഈ ജയ മന്ത്രണങ്ങൾ തന്ത്രങ്ങൾ എല്ലാം നോക്കുമ്പോൾ എന്തു ഭാഗ്യവതിയാണ്, നല്ല അധ്യാപകരെയും സുഹൃത്തുക്കളെയും കിട്ടിയ ഞാൻ

എങ്കിലും ഇന്ന് നാളെയുടെ വർണ്ണ പട്ടങ്ങൾ ഒരു ലക്ഷ്യബോധവുമില്ലാതെ കുത്തഴിഞ്ഞ സൗഹൃദത്തിന്റെ വലയത്തിൽപ്പെട്ട് മിടുക്കരായ അധ്യാപകരായിട്ടും വെറും നോക്കു കുത്തികളായി മാറി നിൽക്കേണ്ടി വരുന്നവരുടെ ശിഷ്യരായി ലഹരിക്കടിമകളായി സ്വയം നശിക്കുന്നതു കാണുമ്പോൾ വല്ലാത്ത വിമ്മിട്ടം. പണ്ടത്തെ ദാരിദ്ര്യത്തിന്റെയും ഇല്ലായ്മയുടെയും കഥകൾ 2k കിഡ്സ്കുകൾ പുച്ഛിച്ചുതള്ളും. ആൺ പെൺ ഭേദമില്ലാതെ സൗഹൃദ വലയത്തിൽ പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നുകയറ്റമെന്നു പറഞ്ഞു സ്വയം ആശ്വസിക്കാതെ പ്രതികരിക്കുന്നവരെ സദാചാരപ്പോലീസെന്നു കളിയാക്കും. ലോകം വിരൽത്തുമ്പിലാണെന്ന അഹങ്കാരത്തോടെ സോഷ്യൽ മീഡിയയിലിട്ടു കേമന്മാരാവും. പാർക്കിലും ബീച്ചിലും സിനിമാ തിയറ്ററിലും മാത്രമല്ല പൊതുനിരത്തിലും ബസ് കാത്തിരിപ്പിടങ്ങളിലും എന്തിന് നമ്മുടെ പൊതു ഗതാഗത ശകടമായ ആന വണ്ടിയിൽപ്പോലും ജൻസികളുടെ പ്രണയക്കൂത്തുകൾ കണ്ടിട്ടും കാണാതെ കണ്ണീരൊഴുക്കി നിൽക്കാനേ കഴിയുന്നുള്ളൂ. മാറ്റം എവിടെ നിന്നും എങ്ങനെ തുടങ്ങണമെന്ന് ഒരു പിടിയുമില്ല ന്റസിവനേ..... എങ്കിലും ഇതിനൊക്കെ ഒരു പരിഹാരമുണ്ടാവും എന്ന വിശ്വാസമുണ്ട്. കാരണം. അനന്തം അജ്ഞാതം അവർണ്ണനീയം ഈ ലോകഗോളം.

കെ.എസ്.ആർ.ടി.സി ജീവനക്കാർ, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരടങ്ങിയ ഒരു സാംസ്കാരികവേദി യാണ് വായനശാല സാംസ്കാരിക കൂട്ടായ്മ. 2019 ജൂൺ 15ന് പുസ്തകങ്ങൾ വായിച്ചു ചർച്ച ചെയ്യാനുള്ള ഒരു വേദി എന്ന നിലയിലാണ് ഇത് രൂപം കൊണ്ടത്. ഇന്ന് പുസ്തക ചർച്ചകൾ, സാഹിത്യ മത്സരങ്ങൾ, പുസ്തക പ്രസിദ്ധീകരണം എന്നീ നിലകളിലേക്ക് ഇതിന്റെ പ്രവർത്തനങ്ങൾ വ്യാപിച്ചിരിക്കുന്നു.

കടപ്പാട്

ഈ മാഗസിനിൽ ഉപയോഗിച്ചിരിക്കുന്ന ചിത്രങ്ങൾ വിക്കിമീഡിയ കോമൺസിൽ നിന്നും എടുത്തതും ജമിനി എ ഐ, ചാറ്റ് ജി പി റ്റി, തുടങ്ങിയ നിർമിതബുദ്ധി ഉപകരണങ്ങൾ ഉപയോഗിച്ചു നിർമിച്ചതുമാണ്.

ടൈപ് ചെയ്യാനുപയോഗിച്ച ലിപികൾ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്, രചന ഇൻസ്റ്റിട്യൂട്ട് ഓഫ് ടൈപോഗ്രാഫി എന്നീ സ്ഥാപനങ്ങൾ പരിപാലിക്കുന്നവയാണ്.

ഈ മാഗസിന്റെ നിർമിതിക്ക് പൂർണമായും ഉപയോഗിച്ചിരിക്കുന്നത് സ്വതന്ത്ര സോഫ്റ്റ്‌വെയറുകളായ സ്ക്രൈബസ്, ജിമ്പ്, ഇങ്ക്സ്കേപ് തുടങ്ങിയവയാണ്.

ഇവയുടെ നിർമാതാക്കളോടുള്ള കടപ്പാട് ഹൃദയപൂർവം രേഖപ്പെടുത്തുന്നു.

വായനശാല സാംസ്കാരിക കൂട്ടായ്മ
(Reg. No KSR/CA/103/2021

